വളം.

* 748. [41] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾക്ക് കൃഷി ഡിപ്പാർട്ടുമെൻറ് മുഖാന്തരം വളം കടമായി കൊടുത്തുവരുന്ന ഏർപ്പാട് നിറുത്തലാക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 28-8-1952 മുതൽ ഈ ഏർപ്പാട് നിറുത്തലാക്കി.

(ബി) കടമായി കൊടുത്തുവന്നിരുന്ന വളത്തിന്റെ വില ഗവണ്മെൻറിലേക്ക് അടച്ചുതീർക്കുന്നതിൽ സംഘങ്ങൾ വരുത്തിയ ഗൌരവതരമായ വീഴ്ചയാണ് ഇതിനു കാരണം.

ഉദ്യോഗസ്ഥന്മാരുടെ പരസ്പരമാറ്റം.

* 749. [43] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗവണ്മെൻറ് സർക്കുലർ No. 84. 20035/54/CS. dated 20-10-'54 പ്രകാരം mutual transfer പ്രകാരമല്ലാതെ പൂർണ്ണമായും മാറ്റുകയില്ലെന്ന് ഉത്തരവായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

STARRED QUESTIONS POSTED FOR ANSWER ON 21-4-1955.

പഞ്ചായത്ത് അസോസിയേഷനുകൾ.

* 750. [34] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സ്ദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്ത് അസോസിയേഷനുകളുണ്ട് ;

(ബി) പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള പ്രമേയങ്ങൾ പഞ്ചായത്ത് അസോസിയേഷനുകൾ ഗവണ്മെൻറിലേക്ക് അയച്ചിട്ടുണ്ടോ ;

(സി) തലപ്പിള്ളി താലൂക്ക് പഞ്ചായത്ത് അസോസിയേഷൻ അങ്ങനെയുള്ള പ്രമേയങ്ങൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ ;

(ഡി) ആകെ അയച്ചിട്ടുള്ള പ്രമേയങ്ങളിൽ പറയുന്ന കാര്യങ്ങൾ നിർവ്വഹിക്കുവാൻ എത്ര രൂപ വേണ്ടിവരും ;

(ഇ) അതിൽ എത്ര രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. മാച്ചുകുട്ടൻ) :

(എ) മൂന്ന് അസോസിയേഷനുകൾ ഉണ്ട്.

(ബി) അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly